"ഭരണഭാഷ-മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്

**(കേരള സംസ്ഥാനം)**

നമ്പർ:എ3/143593/2014

ട്രെയിനിംഗ് ഡയറക്ടറേറ്റ്, KSHB,
ശാന്തിനഗർ, തിരുവനന്തപുരം
തീയതി: 10.10.2014

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- ട്രെയിനിംഗ് ഡയറക്ടറേറ്റ്- ജീവനക്കാര്യം -പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെടുന്ന സർക്കാർ ഉദ്യോഗസ്ഥർക്ക് ഡിപ്പാർട്ട്മെന്റ് ടെസ്റ്റിനുള്ള പ്രത്യേക പരിശീലനം-നാമനിർദ്ദേശം-സംബന്ധിച്ച്.

സൂചന:- ഐ.എം.ജി തിരുവനന്തപുരത്തിന്റെ 23.09.2014 ലെ 6703/പി2/2014/ഐ.എം.ജി നമ്പർ കത്ത്.

*********

സൂചനയിലെ കത്തിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (പകർപ്പ് ഉൾപ്പെടുത്തുന്നു). പട്ടികജാതി പട്ടിക വർഗ്ഗത്തിൽപ്പെടുന്ന സർക്കാർ ഉദ്യോഗസ്ഥരെ ഡിപ്പാർട്ട്മെന്റ് ടെസ്റ്റിൽ പ്രാപ്തരാക്കുന്നതിന് വേണ്ടി യുള്ള പ്രത്യേക പരിശീലനം ഐ.എം.ജിയുടെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് കേന്ദ്രങ്ങളിൽ വച്ച് 2014 നവംബർ 24 മുതൽ ഡിസംബർ 19 വരെ നടത്തുന്നതായി അറിയിച്ചിട്ടുണ്ട്. താങ്കളുടെ സ്ഥാപനത്തിലെ യോഗ്യരായ ഉദ്യോഗസ്ഥരെ ആയതിലേയ്ക്ക് നാമനിർദ്ദേശം ചെയ്യേണ്ട താണെന്ന് അറിയിക്കുന്നു.

വിശ്വസ്തതയോടെ

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

സ്ഥാപന മേധാവികൾക്ക്
വകുപ്പ് വെബ് സൈറ്റ് മുഖേന

R/10/10/14

National Games
KERALA 2015

43593

29 SEP 2014

www.img.kerala.gov.in
e-mail:imgtvpm@gmail.com
Telephone: 0471-2304229/608
Fax: 0471-2302391

# INSTITUTE OF MANAGEMENT IN GOVERNMENT

*(An Autonomous Body Constituted by the Government of Kerala)*

Vikas Bhavan P.O.
Thiruvananthapuram – 695 033.

നംപർ.6703/പി2/2014/ഐ.എം.ജി. 23 സെപ്റ്റംബർ 2014

A3

ഡയറക്ടർ
ഇൻഡസ്ട്രിയൽ ട്രെയിനിംഗ് വകുപ്പ്
തിരുവനന്തപുരം

4/10/14

സർ,

വിഷയം: ഐ.എം.ജി.- പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന സർക്കാർ ഉദ്യോഗസ്ഥർക്ക് ഡിപ്പാർട്ടുമെൻറ് ടെസ്റ്റിനു വേണ്ടിയുള്ള പ്രത്യേക പരിശീലനം - നാമ നിർദ്ദേശം സംബന്ധിച്ച് -

പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെടുന്ന സർക്കാർ ഉദ്യോഗസ്ഥരെ ഡിപ്പാർട്ടുമെൻറ് ടെസ്റ്റിന് പ്രാപ്തരാക്കുന്നതിനു വേണ്ടിയുള്ള പ്രത്യേക പരിശീലനം ഐ.എം.ജി.യുടെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് കേന്ദ്രങ്ങളിൽ വച്ച് **2014 നവംബർ 24 മുതൽ ഡിസംബർ 19** വരെ നടത്തുന്നതാണ്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട എന്നി ജില്ലകളിലുള്ളവർ തിരുവനന്തപുരം ഐ.എം.ജി.യിലും ആലപ്പുഴ, എറണാകുളം, ഇടുക്കി, കോട്ടയം, തൃശൂർ എന്നി ജില്ലകളിലുള്ളവർ കൊച്ചി ഐ.എം.ജി.യിലും, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട്, മലപ്പുറം, പാലക്കാട് എന്നി ജില്ലകളിലുള്ളവർ കോഴിക്കോട് ഐ.എം.ജി.യിലുമാണ് പരിശീലനത്തിൽ പങ്കെടുക്കേണ്ടത്. അടുത്ത ഡിപ്പാർട്ടുമെൻറ് ടെസ്റ്റിനു വേണ്ടി പി.എസ്.സി.യിൽ അപേക്ഷ സമർപ്പിച്ചിരിക്കുന്നവരെ മാത്രമെ പരിശീലനത്തിൽ ഉൾപ്പെടുത്തുകയുള്ളു. ഈ അറിയിപ്പ് താങ്കളുടെ വകുപ്പിലെ അർഹരായ പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെടുന്ന എല്ലാ ഉദ്യോഗസ്ഥർക്കും നൽകുന്നതിനുള്ള നടപടി കൈക്കൊള്ളണമെന്നും, ഡിപ്പാർട്ടുമെൻറൽ പരീക്ഷയിൽ എല്ലാ പേപ്പറുകളും എഴുതേണ്ടവരായ ഉദ്യോഗസ്ഥരെ പരിശീലന പരിപാടിയിലേയ്ക്ക് നാമ നിർദ്ദേശം ചെയ്യണമെന്നും അഭ്യർത്ഥിക്കുന്നു. മുൻപ് ഈ പരിശീലനം ലഭിച്ചവരെയും ഏതെങ്കിലും പ്രത്യേക വിഷയങ്ങൾ മാത്രം എഴുതുന്നവരെയും വീണ്ടും നാമനിർദ്ദേശം ചെയ്യേണ്ടതില്ല.

നാമനിർദ്ദശം താഴെ പറയുന്ന മേൽവിലാസങ്ങളിൽ അയക്കേണ്ടതാണ്.

| | |
|---|---|
| ഐ.എം.ജി. തിരുവനന്തപുരം | ഡയറക്ടർ ജനറൽ<br>ഐ.എം.ജി. വികാസ് ഭവൻ പി.ഒ<br>തിരുവനന്തപുരം - 695 033 |
| ഐ.എം.ജി. കൊച്ചി | റീജിയണൽ ഡയറക്ടർ<br>ഐ.എം.ജി. പ്രാദേശിക കേന്ദ്രം<br>കാക്കനാട്, കൊച്ചി - 682 030 |
| ഐ.എം.ജി. കോഴിക്കോട് | റീജിയണൽ ഡയറക്ടർ<br>ഐ.എം.ജി. പ്രാദേശിക കേന്ദ്രം<br>മെഡിക്കൽ കോളേജ് കാമ്പസ്<br>കോഴിക്കോട്- 673 008 |

കൂടുതൽ വിവരങ്ങൾക്ക് സെക്ഷൻ ഓഫീസർ, പരിശീലന വിഭാഗം ബന്ധപ്പെടാവുന്നതാണ്. (ഫോൺ - 0471 - 2304229 Extn. 239)

പ്രത്യേകം ശ്രദ്ധിക്കാൻ

1. നാമനിർദ്ദേശം 5.11.2014 മുൻപ് ഐ.എം.ജി.യുടെ ബന്ധപ്പെട്ട ഓഫീസുകളിൽ ലഭിച്ചിരിക്കേണ്ടതാണ്.
2. പേര് നിർദ്ദേശിക്കപ്പെടുന്നവരെ പരിശീലനത്തിന് തെരഞ്ഞെടുത്തതായി ഐ.എം.ജി.യിൽ നിന്നും അറിയിപ്പു ലഭിച്ചതിനുശേഷം മാത്രമെ വിടുതൽ ചെയ്യേണ്ടതുള്ളു.

ഒപ്പ്
സെക്രട്ടറി
ഡയറക്ടർജനറലിനു വേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ